പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധ

219 (227) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധയുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം അനിവാര്യമാണെന്ന് ആവശ്യപ്പെട്ട് ആരിൽനിന്നെല്ലാം നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) അനുബന്ധ ക്ഷേത്രത്തിലെ അഗ്നിബാധയുമായി ബന്ധപ്പെട്ട് നിലവിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിവരുന്നത് എന്നറിയിക്കുമോ ;

(സി) അന്വേഷണത്തിൽ നാളിതുവരെയുണ്ടായിട്ടുള്ള കാലവിളംബത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി അന്വേഷണം പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു.

(ബി) നിലവിൽ ക്രൈംബ്രാഞ്ച് CID OCW-1 പത്തനംതിട്ട സബ് യൂണിറ്റ് ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ കേസ് അന്വേഷണം നടത്തി വരുന്നു.

(സി&ഡി) കൃത്യക്ഷേത്രത്തിലെ കേട് സംഭവിച്ചിട്ടുള്ളതായി കാണപ്പെട്ട താഴികക്കുടം ഏതു വിധത്തിലാണ് കേട് സംഭവിച്ചിട്ടുള്ളത് എന്ന് അറിയുന്നതിനു വേണ്ടി വിദഗ്ധ പരിശോധനയ്ക്കായി എഫ്.എസ്.എൽ-ൽ അയച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭിക്കുമ്പോൾ വിശദമായ അന്വേഷണം ആവശ്യമാണെന്ന് കണ്ടാൽ ആയത് നടത്തി താമസംവിനാ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly